**അനുബന്ധം**

14-ാം കേരള നിയമസഭയുടെ 5-ാം സമ്മേളനത്തിലെ 2017 മെയ് 15-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 395-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തികൊണ്ടുള്ള സ്റ്റേറ്റ്മെന്റ് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) മേശപ്പുറത്ത് വച്ചത്

രജിസ്ട്രേഷൻ വരുമാനം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ

(* 395) ശ്രീ. എൻ.എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നോട്ട് നിരോധനവും പണം കൈമാറ്റത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും ഭൂമി രജിസ്ട്രേഷൻ നടപടികളെ ഏതെല്ലാം വിധത്തിൽ ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് വ്യക്തമാക്കുമോ;

(ബി) സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ഫീസിലും വരുത്തിയ വർദ്ധനവ് ഭൂമി രജിസ്ട്രേഷനുകളുടെ എണ്ണത്തിൽ കുറവുണ്ടാക്കുകയും രജിസ്ട്രേഷൻ വരുമാനത്തെ ബാധിക്കുകയും ചെയ്തിട്ടുണ്ടോ ;

(സി) എങ്കിൽ രജിസ്ട്രേഷൻ നടപടികൾ സുഗമമാക്കി സർക്കാർ വരുമാനം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി.സുധാകരൻ): സർ,

(എ) ഉണ്ട്. നോട്ട് നിരോധനമുണ്ടായിരുന്ന കാലയളവിൽ (2016 നവംബർ മുതൽ 2017 ജനുവരി വരെ) പ്രതിമാസം ശരാശരി നികുതി വരുമാനത്തിൽ മുൻമാസങ്ങളെ അപേക്ഷിച്ച് 45.11 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

(ബി) സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ഫീസിലും വരുത്തിയ വർദ്ധനവ് രജിസ്ട്രേഷനുകളുടെ എണ്ണം കുറഞ്ഞുവരുന്ന പ്രവണതയാണ് ഉണ്ടാക്കിയിട്ടുള്ളതെങ്കിലും വരുമാനം വർദ്ധിച്ചു വരികയാണ് ഉണ്ടായത്.

(സി) രജിസ്ട്രേഷൻ നടപടികൾ സുഗമമാക്കുന്നതിന് ഓൺലൈൻ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.